കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# പോർക്കുളം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്
# 2015-16

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം കെ.എസ്.എ.ടി.എസ്.ആർ(പി8)1279/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ.
PIN 680 020 Ph.No.0487 2331249
e-mail: dotsr.ksad@kerala.gov.in

തിയതി: 1.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പോർക്കുളം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പോർക്കുളം ഗ്രാമപഞ്ചായത്ത് – 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*****

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215 (4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച

തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

<u>പകർപ്പ് :</u>

1) ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം കെ.എസ്.എ.ടി.എസ്.ആർ (പി8)1279/16 തിയതി: 1.11.2016

## <u>തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-2016 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.</u>

<u>(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)</u>

തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 21.05.2015 വരെയുള്ള പണം വരവ്, അടവ് വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള 2015-16 വർഷത്തെ പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.കെ.യു.ചേക്കുട്ടി,<br>ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.1016 മുതൽ 20.10.16വരെ |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| ക്രമ നമ്പർ | പേര് | ഉദ്യോഗപ്പേര് |
|---|---|---|
| 1 | ശ്രീ.എൻ. സതീശൻ | ഓഡിറ്റ് ഓഫീസർ (H.G.) |
| 2 | ശ്രീമതി. മീര. ടി. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ. |
| 3 | ശ്രീമതി. വിദ്യ വിക്രമൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 4 | ശ്രീമതി.ജോസി. കെ. ജെ. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

പ്രസിഡണ്ട്

| | |
|---|---|
| ശ്രീ. ശിവകുമാർ | 1-4-2015 മുതൽ 31-10-2015 വരെ |
| ശ്രീമതി. ഓമന ബാബു | 19-11-2015 മുതൽ 31-3-2016 വരെ |
| | സംയുക്ത കമ്മറ്റി 1-11-2015 മുതൽ 18-11-2015 വരെ |

സെക്രട്ടറി

| | |
|---|---|
| ശ്രീമതി. മാനസ. വി. എസ്. | 1-04-2015 മുതൽ 21-12-15 വരെ |
| ശ്രീ. ശശിധരൻ. പി. എസ്. (അസിസ്റ്റന്റ് സെക്രട്ടറി) അഡീഷണൽ ചാർജ്ജ് | 22-12-2015 മുതൽ 4-2-2016 വരെ |
| ശ്രീ. അശോക് കുമാർ | 5-2-2016 മുതൽ 31-3-2016 വരെ |

മറ്റ് നിർവ്വഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ജ്യോതിരാജ്.പി.എസ്. | 1-4-2015 മുതൽ 31-3-2016 വരെ |
| വി. ഇ.ഒ. | ബാബു. സി. എ. | 1-4-2015 മുതൽ 22-7-2015 വരെ |
| | ബൈജു വിൻസെന്റ് | 23-7-2015 മുതൽ 31-3-2016 വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ. റിംസി. സി. | 1-4-2015 മുതൽ 4-6-2015 F.N. വരെ |
| | ഡോ. ജെയിൻ ജോർജ്ജ് | 4-06-15 A.N മുതൽ 20-07-2015 വരെ |

| | | |
|---|---|---|
| | ഡോ.ഐശ്വര്യ | 21-7-2015 മുതൽ 12-1-2016 FNവരെ |
| | ഡോ. ഇഷാ ബ്രൂസ് | 12-01-2016 AN മുതൽ 31-03-2016 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ജിജി ജോസ് | 01-04-2015 മുതൽ 21-7-2015 FN വരെ |
| | ഡോ. കവിത | 21-07-2015 AN മുതൽ 04-12-15 വരെ |
| | ഡോ. ഷാജു | 5-12-2015 മുതൽ 31-03-2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ലളിത. വി. പി | 01-04-2015 മുതൽ 31-3-2016 വരെ |
| കൃഷി ഓഫീസർ | സ്മിത ജോൺ. കെ. | 1-4-2015 മുതൽ 18-5-2015 FN വരെ |
| | രമ്യ ചന്ദ്രൻ. ആർ. | 18-5-15 A.N മുതൽ 1-06-15 F.N.വരെ |
| | ഷേർളി. ആർ. | 01-6-2015AN മുതൽ 13-8-2015 FNവരെ |
| | രമ്യ ചന്ദ്രൻ. ആർ. | 13-8-2015 AN മുതൽ 4-9-2015 FNവരെ |
| | ജയശ്രീ.ഇ. | 4-9-2015 A.N മുതൽ 31-3-2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രിയ. പി. | 1-4-2015 മുതൽ 31-3-2016 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | വൃന്ദ. വി. | 1-4-2015 മുതൽ 19-8-2015 വരെ |

| | | |
|---|---|---|
| | പി.എസ്.ശശിധരൻ | 20-8-2015 മുതൽ 31-3-2016 വരെ |

| ക്രമ നമ്പർ | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക അപാകതകൾ |
| 4 | 1-4 | സാമ്പത്തിക വിശകലനം |
| 5 | 1-5 | ഫണ്ട് വിനിയോഗം |
| 6 | 1-6 | പദ്ധതി അവലോകനം |
| 7 | 1-7 | തനത് വരുമാനം |
| 8 | 1-8 | സാമൂഷ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി |
| 9 | 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 2-1 | കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ്, വികസന പെർമിറ്റ് നൽകിയത് |
| 12 | 2-2 | ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ |
| 13 | 2-3 | ഡി ആന്റ് ഒ ലൈസൻസ് തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത |
| 14 | 3-1 | മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ |
| 15 | 3-2 | സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതികൾ-അപാകത |
| 16 | 3-3 | ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല |
| 17 | 3-4 | തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല |

| | | |
|---|---|---|
| 18 | 3-5 | ആശ്രയ- 22,89,000/- രൂപ ചെലവഴിക്കാതെ ശേഷിക്കുന്നു. |
| 19 | 3-6 | മരാമത്ത് പ്രവൃത്തികൾ-രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ |
| 20 | 3-7 | അഡ്വാൻസ് ക്രമീകരിക്കാതെ സൂക്ഷിക്കുന്നു. |
| 21 | 3-8 | ഭവന പുനരുദ്ധാരണം-മുൻകൂർ കൈപ്പറ്റി-പണി പൂർത്തിയാക്കിയില്ല |
| 22 | 3-9 | സ്വകാര്യ കമ്പനി നിർമ്മിച്ച പ്ലാസ്റ്റിക്ക് കസേര സിഡ്കോയിൽ നിന്നും ക്വട്ടേഷൻ നടപടികൾ കൂടാതെ വാങ്ങി |
| 23 | 4-1 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 24 | 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 25 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് സംബന്ധിച്ച് |
| 26 | 4-4 | വായ്പ/വായ്പാ തിരിച്ചടവ് |
| 27 | 4-5 | സ്ഥിര നിക്ഷേപങ്ങൾ |
| 28 | 4-6 | ഓഡിറ്റ് റിക്കവറി |
| 29 | 4-7 | ഓഡിറ്റ് പ്രത്യവലോകനം |
| 30 | 4-8 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 31 | അനുബന്ധം | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

| |
|---|
| 2015-16 ലെ ബജറ്റ് പാസ്സാക്കിയ |

| |
|---|
| നം./തിയ്യതി |
| തീരുമാനം നമ്പർ (1)<br>തിയ്യതി -25/03/2015 |

## 1-2 വാർഷിക ധനകാര്യപത്രിക.

| സാമ്പത്തിക വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.2016 | 30/07/2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

2015-2016 വർഷത്തെ വാർഷിക കണക്കിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. സാംഖ്യ അക്കൗണ്ടിങ്ങ് സമ്പ്രദായം ആരംഭിക്കുന്നതിന് മുൻപ് സൃഷ്ടിക്കപ്പെട്ട ആസ്തി-ബാദ്ധ്യതാ വിവരങ്ങൾ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. മെയിന്റനൻസ് ഗ്രാന്റ് റോഡിനത്തിൽ വരവ് വയ്ക്കേണ്ടിയിരുന്ന 261238/- രൂപ ഹെഡ് മാറി മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡിലാണ് വരവ് വച്ചിരിക്കുന്നത്.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുൻബാക്കി -14062389

വരവ് -26353426

ആകെ -40415815

ചെലവ് -36309561

നീക്കിബാക്കി-4106254

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ട് ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | തിരിച്ചടവ് (T/C) | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 1832977 | **5235681 | 7068688 | 5975976 | 1092682 (ലാപ്സായി) | 0 |
| എസ്.സി.പി | 3421017 | 3522878 | 6943895 | 4537878 | *2406017 | 0 |
| ടി.എസ്.പി | 0 | 5000 | 5000 | 5000 | 0 | 0 |
| റോഡ് | 288906 | 7151863 | 7440769 | 7440769 | 0 | 0 |

| | | | | | | |
|---|---|---|---|---|---|---|
| നോൺ റോഡ് | 766238 | 1683466 | 24497048 | 2449704 | 0 | 0 |
| ധനകാര്യ കമ്മീഷൻ | 1569814 | 2616864 | 4186678 | 2278075 | *1908603 | 0 |
| ലോക ബാങ്ക് സഹായം | 1619000 | 603251 | 2222251 | 1350794 | *871457 | 0 |

*ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുക 2406017 + 1908603 + 871457 = 5186077. ടി. തുക ഡവലപ്പ്മെന്റ് ജനററിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തു.
** ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവിടങ്ങളിൽ നിന്നുള്ള വരവു തുകയായ 204096/- രൂപ RP 31 ൽ ഡവലപ്പ്മെന്റ് ജനററിലേയ്ക്ക് വരവായി എടുത്തിട്ടുള്ളത് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത തുകയിൽ ഉൾപ്പെട്ടിട്ടുണ്ട്. (RP 31 വരവ് 49604 +20496 =70100)

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 138 | 99 | 34 Spillover | 5 | 72% |

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 7 | 7 | 2513834 | 2425505 | 96% |
| വെറ്റിനറി സർജ്ജൻ | 3 | 3 | 710400 | 695400 | 98% |
| മെഡിക്കൽ ഓഫീസർ PHC | 4 | 4 | 650000 | 650000 | 100% |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 1 | 1 | 300000 | 300000 | 100% |
| ഐ.സി.ഡി.എസ് | 6 | 4 | 1688900 | 1623054 | 96% |
| വി.ഇ.ഒ | 6 | 2 | 2840000 | 1949000 | 69% |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എ ഇ | 60 | 48 | 15303613 | 11332153 | 74% |
| അസിസ്റ്റന്റ് സെക്രട്ടറി | 10 | 4 | 5235000 | 2887878 | 55% |

## 1-7 തനത് വരുമാനം.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3375960 | 2364655 | 1011305 | 29.9(-) |
| നികുതിയേതര വരവുകൾ | 473293 | 429903 | 43390 | 9.1(-) |
| ആകെ | 3849253 | 2794558 | 1054695 | (-)27.4 |

## 1-8 സാമൂഹ്യക്ഷേമ പദ്ധതി മുഖേനയുള്ള നിർവ്വഹണത്തിലെ കാര്യപ്രാപ്തി.

| ക്രമ നം. | പദ്ധതി | 2015-16 ൽ ലഭിച്ച അപേക്ഷകൾ | നിശ്ചിത ദിവസത്തിനകം തീരുമാനെമടുത്തവ | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 5 | 5 | 2 |
| 2 | തൊഴിൽ രഹിത വേതനം | 2 | 2 | 1 |
| 3 | വിധവാ പെൻഷൻ | 69 | 69 | 6 |
| 4 | വികലാംഗ പെൻഷൻ | 13 | 13 | 1 |
| 5 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 9 | 9 | 9 |
| 6 | വാർദ്ധക്യകാല പെൻഷൻ | 149 | 149 | 17 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14/10/2016ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 39337/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിൻെറ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 24/09/2016& 26/09/16 | 2016 ആഗസ്റ്റ് | റിപ്പോർട്ട് ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിൻെറ ഓഡിറ്റ് | 16/07/2005 മുതൽ 28/07/2005 | 1997-98 മുതൽ 04-05 വരെ | 31.08.2005 | ഇല്ല |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്ക് വിരുദ്ധമായി കെട്ടിട നിർമ്മാണ പെർമിറ്റ് ,വികസന പെർമിറ്റ് നല്കൽ

പോർക്കളം ഗ്രാമ പഞ്ചായത്ത് അകതിയൂർ വില്ലേജിൽ സർവ്വെ നമ്പർ 333/1,334/1 ഉൾപ്പെട്ട സ്ഥലത്ത് വാണിജ്യാവശ്യത്തിന് 459.18ച.മീ വിസ്തൃതിയിൽ നിർമ്മിക്കുന്ന കെട്ടിടത്തിന് കെട്ടിട നിർമ്മാണ പെർമിറ്റിനായി കർത്ത്യായനി മകൻ മോഹനൻ മുതൽ പേർ എന്നവർ 11/7/14 ൽ ഫയൽ നമ്പർ ബി2/3102/14 പ്രകാരം അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷ തീർപ്പാക്കിയതിലെ അപാകതകൾ താഴെപ്പറയുന്നവയാണ്.

1)ഗ്രാമ പഞ്ചായത്ത് അസി.എഞ്ചിനീയർ 22/7/14 ൽ നല്കിയ അന്വേഷണ റിപ്പോർട്ടിൽ 11 അപാകതകൾ റിപ്പേർട്ട് ചെയ്തിരുന്നു. തുടർന്ന് അപേക്ഷകൻ 23/9/14ലും 29/10/15ലും അപേക്ഷ പുനസമർപ്പിച്ചുവെങ്കിലും എ.ഇ യുടെ 18/10/14,15/12/15 ലെ അപാകതകൾ പരിഹരിച്ചില്ല എന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അപേക്ഷ നിരസിച്ചു. മേൽ നിർമ്മാണവുമായി ബന്ധപ്പെട്ട 22/7/14, 18/10/14, 15/12/15 അന്വേഷണ റിപ്പേർട്ടുകളിലെ പ്രധാന അപാകത ടി നിർമ്മാണം നടക്കുന്ന സ്ഥലത്തിന്റേതാണ്. പ്രസ്തുത നിർമ്മാണം

നടക്കുന്നത്331/1 (0.53406ഹെ),334/1 (0.1060ഹെ) സർവ്വെ നമ്പറുകളിൽ 331/1 വില്ലേജ് രേഖകളിൽ നിലം എന്ന് സാക്ഷ്യപ്പെടുത്തി നല്കിയിട്ടുള്ളത്. ടി അപാകത പരിഹരിക്കാതെയും കെ.പി.ബി.ആർ അനുശാസിക്കുന്ന നിയമ നടപടികൾ സ്വീകരിക്കാതെയും , വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടത്തിന്റെ വടക്ക് കിഴക്കെ മൂലയിൽ ഏകദേശം വളരെ ചെറിയ സ്ഥലത്ത് മാത്രമേ സർവ്വേ 331/1ൽ പ്പെട്ട സ്ഥലത്ത് ബാത്ത് റൂം സ്ഥിതിചെയ്യുന്നത് ആയത് അതീവഗുരുതരമായ ചട്ടലംഘനമല്ലെന്ന് ബോധ്യപ്പെട്ടിട്ടുണ്ട് എന്ന വാദഗതിയോട് കൂടി 14/3/2016 ലെ നടപടിക്രമം നമ്പർ ബി2/3107/14 ൽ പ്രകാരം അപേക്ഷകൻ നിർമ്മിച്ച 257.26ച.മീ (താഴത്തെ നിലമാത്രം) വാണിജ്യാടിസ്ഥാനത്തിലുള്ള കെട്ടിടത്തിന് റെഗുലറൈസേഷൻ ഫീ, വസ്തു നികുതി എന്നിവ ഈടാക്കി കെട്ടിട നമ്പർ അനുവദിച്ച് ഉത്തരവായി.

19/10/2016 ൽ ഓഡിറ്റ് ടീം സൈറ്റ് വെരിഫിക്കേഷന്റെ ഭാഗമായി പ്രസ്തുത സ്ഥലം സന്ദർശിക്കുകയുണ്ടായി. സർവ്വേ 331/1ൽ പ്പെട്ട സ്ഥലത്ത് ബാത്ത് റൂം സ്ഥിതിചെയ്തിരുന്നത് പൊളിച്ചുമാറ്റി ,നിലമായി രേഖപ്പെടുത്തിയിരുന്ന ഭാഗം മുഴുവൻ ഷീറ്റ് മേഞ്ഞ് കൈരളി ഫോർഡ് എന്നസ്വകാര്യ സ്ഥാപനത്തിന് വാടകയ്ക്ക് നല്കിയതായിട്ടാണ് കാണാൻ കഴിഞ്ഞത്. ഗവൺമെന്റ് സർക്കുലർ നം. 1) 4545/ആർ.എ1/ത.സ്വ.ഭ.വ തീ. 22.1.2011, 2) 59655/ആർ.എ1 /08/ത.സ്വ.ഭ.വ തീ.23.9.2008 3)45846/ആർ.എ1/08/ത.സ്വ.ഭ.വ തീ.31.7.2008 എന്നിവ പ്രകാരം 300ച.മീ കുറവ് വിസ്തീർണ്ണമുള്ള വീടുകൾക്കും, മറ്റൊരിടത്തും സ്വന്തമായി വീടില്ലാത്തവർക്കും മാത്രം നിലം നികത്തി വീട് വയ്ക്കുന്നതിനുള്ള അനുമതി നല്കാവൂ എന്ന് ഉത്തരവായിട്ടുള്ളതാണ് എന്നാൽ പഞ്ചായത്ത് സെക്രട്ടറിയുടെ മേൽ നടപടി സർക്കാർ നിർദ്ദേശങ്ങൾക്കും , കെ.പി.ബി.ആർ ചട്ടങ്ങൾക്കും വിരുദ്ധമായ നടപടിയാണ്.

2)11/7/2014 ൽ പെർമിറ്റിന് അപേക്ഷ നല്കുമ്പോൾ കെട്ടിട നിർമ്മാണം ആരംഭിച്ചിരുന്നോ എന്നത് സംബന്ധിച്ച് മറുപടി ലഭ്യമാക്കിയിട്ടില്ല.

3)എ.ഇ യുടെ 15/12/15ലെ റിപ്പോർട്ടിൽ പുനസമർപ്പിച്ച അപേക്ഷയോടൊപ്പം പൂർത്തീകരണ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടുണ്ടെന്നും ,അപാകതകൾ പൂർണ്ണമായും പരിഹരിച്ചിട്ടില്ലയെന്നും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പെർമിറ്റ് നിരസിച്ചുകൊണ്ടുള്ള സെക്രട്ടറിയുടെ 17/12/15ലെ ബി2/4624/15പ്രകാരമുള്ള അറിയിപ്പിൽ കെട്ടിടം സ്ഥിതിചെയ്യുന്നത് 331/1 സർവ്വെയിലാണെങ്കിൽ കെട്ടിടത്തിന് നമ്പർ അനുവദിക്കുന്നതിന് സാധ്യമല്ലയെന്നും അറിയിച്ചിട്ടുണ്ട്. ഇതിൽനിന്നും അപേക്ഷ സമർപ്പിച്ച 11/7/14 മുതൽ കെട്ടിട നിർമ്മാണം പഞ്ചായത്തിന്റെ അനുമതി കൂടാതെ നടത്തിയിരുവെന്നാണ് മനസ്സിലാകുന്നത്. അനധികൃത നിർമ്മാണം നടത്തുന്നു എന്ന് അറിവുണ്ടായിട്ടും കെ.പി .ബി.ആർ ചട്ടം 20,21 പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതിരുന്നത് നിയമലംഘനത്തെ പരോക്ഷമായി അനുകൂലിച്ചിരുന്നെന്ന വസ്തുതയിലേക്കാണ് വിരൽ ചൂണ്ടുന്നത്.

4)കെ.പി .ബി.ആർ ചട്ടം 20(3) ലെ കുറിപ്പ് പ്രകാരം കെട്ടിട നിർമ്മാണം അധികൃതമാക്കിക്കൊണ്ടുള്ള പഞ്ചായത്ത് സെക്രട്ടറിയുടെ നടപടിക്രമം പഞ്ചായത്ത് ഡയറക്ടർക്ക് അറിവിനായി അയച്ചുകൊടുത്തിട്ടില്ല. അനധികൃതമായി നിർമ്മിച്ച കെട്ടിട ഭാഗംപൊളിച്ചു നീക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

II) പോർക്കുളം ഗ്രാമ പഞ്ചായത്തിലെ അകതിയൂർ വില്ലേജിൽ സർവ്വെ നമ്പർ 219/2,220/1 ൽപ്പെട്ട് 42.57 ആർ വിസ്തൃതിയുള്ള സ്ഥലം ഡെവലപ് ചെയ്യുന്നതിന് 8/11/2013ൽ 5441/13 നമ്പർ ആയി സുബ്രമഹ്ണ്യൻ, മലാട്ടിരി വീട്, തൈക്കാട്, ഗുരുവായൂർ എന്നയാൾ അപേക്ഷ സമർപ്പിച്ചു. ടി അപേക്ഷയിൽ അന്വേഷണം നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ താഴെപ്പറയുന്ന 5 ന്യൂനതകൾ പരിഹരിക്കുന്നതിന് റിപ്പോർട്ട് സമർപ്പിക്കുകയും 30/11/2013 മേൽ നമ്പർ കത്ത് പ്രകാരം അപേക്ഷകനോട് ആവശ്യപ്പെടുകയും ചെയ്തു.

1) കെ.പി.ബി.ആർ 31(2) ബി പ്രകാരം വഴിയ്ക്ക് ആവശ്യമുള്ള കുറഞ്ഞ വീതി ലഭ്യമാക്കിയിട്ടില്ല

2)കെ.പി.ബി.ആർ 31(6) പ്രകാരം വഴികൾ ചേരുന്നിടത്ത് അരികുകൾ ചെരിച്ച് കാണിച്ചിട്ടില്ല

3)പ്ലോട്ടുകളുടെ അളവുകൾ സ്ക്വയർ മീറ്ററിൽ കാണിച്ചിട്ടില്ല

4)കൈവശ സർട്ടിഫിക്കറ്റിലേയും പ്ളാനിലേയും വിസ്തീർണ്ണത്തിൽ വ്യത്യാസം കാണുന്നു

5)റോഡിന്റെ വിസ്തൃതി പ്ലാനിൽ രേഖപ്പെടുത്തിയിട്ടില്ല

എന്നാൽ ടിയാൻ നടപടികൾ ഒന്നുംസ്വീകരിക്കാതിരിക്കുകയും , പഞ്ചായത്തിൽ നിന്ന് ഡെവലപ്മെന്റ് പെർമിറ്റ് നല്കാതിരുന്നതിനാലും മേൽ ഭൂമിയിൽ നിന്നും സ്ഥലം വാങ്ങിയ സ്ഥലം ഉടമകൾ കെട്ടിട നിർമ്മാണ പെർമിറ്റ് കിട്ടാതെ വരികയും ചെയ്ത സാഹചര്യത്തിൽ 6/8/14 ന് (9 മാസങ്ങൾക്ക് ശേഷം) വീണ്ടും ഡെവലപ്മെന്റ് പെർമിറ്റ് നേടുന്നതിനായി കത്ത് നല്കുകയും ചെയ്തു. ആയതിന് 22/9/14ൽ ടിയാൻ മറുപടി സമർപ്പിച്ചു. മറുപടിയിലെ പരാമർശങ്ങൾ പരിശോധിച്ച് റിപ്പോർട്ട് നല്കാൻ എ.ഇ യോട് 22/9/14 ൽ നിർദ്ദേശം നല്കിയിട്ടുണ്ടെങ്കിലും റിപ്പേർട്ട് ഫയലിൽ ലഭ്യമാക്കിയിട്ടില്ല. സ്ഥല ഉടമകളിൽ ഒരാളായ രാമകൃഷ്ണൻ, പുതുക്കുളങ്ങര വീട് എന്നയാൾ കെട്ടിട നിർമ്മാണ പെർമിറ്റ് നിരസിച്ചതിനെ തുടർന്ന് ബഹു.പഞ്ചായത്ത് കാര്യ മന്ത്രിക്ക് പരാതി സമർപ്പിക്കുകയും ആയതിന് ബഹു പഞ്ചായത്ത് വകുപ്പ് സെക്രട്ടറി 08/01/2015ൽ നമ്പർ 49637/ആർ.ബി2/14/തസ്വഭവ ആയി പുറപ്പെടുവിച്ച ഉത്തരവിൽ അനധികൃത ലേ ഔട്ടിൽപ്പെട്ട പ്ലോട്ട് അനധികൃതമായി തന്നെ കണക്കാക്കണമെന്നും, ലേ ഔട്ട് അംഗീകാരം ലഭ്യമാക്കിയതിനുശേഷം മാത്രമേ പെർമിറ്റ് അനുവദിക്കാൻ പാടുള്ളുവെന്നും അറിയിച്ചിട്ടുണ്ട്. വിറ്റുകഴിഞ്ഞ ഭൂമിയിൽ ലാന്റ്ഡെവലപ്പ്മെന്റ് പെർമിറ്റ് നിയമാനുസൃതം നൽകുന്നതിന് കഴിയാത്ത സാഹചര്യത്തിൽ സുബ്രമഹ്ണ്യന്റെ കൈവശമുള്ള മൊത്ത ഭൂമിയും അതിലേക്കുള്ള വഴി സ്ഥലം അടക്കം 57.49 ആർ ഭൂമിയ്ക്കും ലാന്റ് ഡവലപ്പ്മെന്റ് പെർമിറ്റ് ഫീ ഈടാക്കിയും 1000 രൂപ പിഴയും ഈടാക്കിയും ഡെവലപ്പ്മെന്റ് പെർമിറ്റ് നല്കുന്നതിന് 3/6/16 ൽ പഞ്ചായത്ത് സെക്രട്ടറി ഉത്തരവ് നല്കി.

<u>അപാകതകൾ</u>

1) ബഹു പഞ്ചായത്ത് വകുപ്പ് സെക്രട്ടറിയുടെ 08/01/2015ൽ നമ്പർ 49637/ആർ.ബി2 /14/തസ്വഭവ ഉത്തരവിന് വിരുദ്ധമായി മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കാതെയാണ് ഡവലപ്പ്മെന്റ് പെർമിറ്റ് പഞ്ചായത്ത് സെക്രട്ടറി അനുവദിച്ചിരിക്കുന്നത് .

2)22/9/14ൽ അപേക്ഷകൻ നല്കിയ മറുപടി പരിശോധിച്ച് റിപ്പോർട്ട് നല്കാൻ എ.ഇ യോട് പഞ്ചായത്ത് സെക്രട്ടറി ആവശ്യപ്പെട്ടിരുന്നവെങ്കിലും ആയത് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

3)1000/- രൂപ പിഴ ഈടാക്കിയത് എന്ത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല.

III)ഫയൽ നമ്പർ ബി2/2509/16 തീ.2/6/16

പോർക്കുളം ഗ്രാമ പഞ്ചായത്തിൽ സർവ്വെ നമ്പർ 528/5പി ഉൾപ്പെട്ട വേണുഗോപാൽ കിഴക്കേപ്പാട്ട് (0.0985ഹെ.),ജോസ് വടക്കുപാടൻ (.0207) എന്നിവരുടെ ഉടമസ്ഥതയിൽപ്പെട്ട സ്ഥലത്തിന് വികസന പെർമിറ്റ് ലഭിക്കുന്നതിനായി 10/3/16 ൽ ബി2/1192/16 പ്രകാരം അപേക്ഷസമർപ്പിച്ചു. ടി അപേക്ഷയിൽ എ.ഇ 6/4/16 ന് നല്കിയ അന്വേഷണ റിപ്പേർട്ടിൽ പ്രസ്തുത സ്ഥലം മുൻ അവകാശികളായ മേഹൻദാസ്, സുബിൻ ദാസ് (കളത്തിൽ കുമാരൻ മക്കൾ) എന്നിവരുടെ പക്കൽ നിന്നും നിലവിലെ അവകാശികൾ വാങ്ങിയിട്ടുള്ളതാണെന്നും മേൽ വ്യക്തികൾ ലാന്റ്ഡെവലപ്പ്മെന്റ് നടത്തിയും പ്ളോട്ടുകളായി തിരിച്ചും റോഡിനാവശ്യമായ വീതിപാലിക്കാതെയും ഭൂമി കൈമാറിയതാവാൻ സാധ്യയുണ്ട്. ആയതുകൊണ്ട് നിജസ്ഥിതി അറിയുന്നതിനായി മേഹൻദാസ്, സുബിൻ ദാസ് എന്നിവരുടെ കൈവശമുള്ളതും ഈ സ്ഥലങ്ങളോട് ചേർന്ന് കിടക്കുന്നതുമായ മറ്റു സ്ഥലങ്ങളുടെ വിശദാംശങ്ങളും പഴയആധാരവും സമർപ്പിക്കുന്നതിന് ആവശ്യപ്പെടുവാൻ റിപ്പോർട്ട് ചെയ്തിരുന്നു.

<u>അപാകതകൾ</u>

1)എ.ഇ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്തിന്റെ മുൻ അവകാശികളായ മേഹൻദാസ്, സുബിൻ ദാസ് എന്നിവർ വികസന പെർമിറ്റ് എടുത്തതിന്റെ രേഖകൾ ലഭ്യമാക്കുകയോ ഇല്ലെങ്കിൽ ആയത് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചതായോ കാണുന്നില്ല.

2)7/4/16ന് വേണുഗോപാൽ കിഴക്കേപ്പാട്ട് ,ജോസ് വടക്കുപാടൻ എന്നിവർക്ക് എ.ഇ യുടെ റിപ്പേർട്ട് അടക്കം ന്യൂനതകൾ പരിഹരിക്കുന്നതിന് അറിയിപ്പ് നല്കിയെങ്കിലും മറുപടി ഫയലിൽ ലഭ്യമല്ല.

3)എ.ഇ യുടെ റിപ്പോർട്ട് പ്രകാരം മേഹൻദാസ്, സുബിൻ ദാസ് എന്നിവരുടെ കൈവശത്തിലുള്ള ഭൂമിയുടെ രേഖകൾ ലഭിക്കാത്തതുകൊണ്ട് ആധാര പ്രകാരം 28.44 ആർ ഭൂമിയ്ക്ക് ഡവലപ്പ്മെന്റ് പെർമിറ്റ് വാങ്ങി തുടർ നടപടികൾ സ്വീകരിക്കുവാൻ 30/7/16 ൽ സെക്രട്ടറി ഉത്തരവായി. മുൻ അവകാശികളിൽ നിന്ന് പ്ലോട്ട് ഡിവിഷൻ രേഖകൾ ലഭ്യമാക്കാതെയും, ഇത് സംബന്ധിച്ച കെ.പി.ബി.ആർ ചട്ടങ്ങൾ പാലിക്കാതെയുമാണ് പെർമിറ്റ് അനുവദിച്ചിരിക്കുന്നത്.

കെ.പി.ബി.ആർ ചട്ടം 134 (ചില നിർമ്മാണങ്ങൾ ക്രമവത്ക്കരിക്കുന്നതിന് സെക്രട്ടറിയ്ക്കുള്ള അധികാരം) പ്രകാരം സെക്രട്ടറി ക്രമവത്ക്കരണം നടത്തുമ്പോൾ ആക്ടിലെയോ, ചട്ടങ്ങളിലെയോ ഏതെങ്കിലും വ്യവസ്ഥകളുടെ ഉല്ലംഘനമാകുവാൻ പാടില്ലാത്തതാകുന്നു. എന്നുമാത്രമല്ല സെക്രട്ടറിയുടെ ക്രമവൽക്കരിക്കുവാനുള്ള അധികാരം മേല്പറഞ്ഞ ജോലികളും നിർമ്മാണങ്ങളും കണ്ടുപിടിക്കുകയും തടയുകയും ചെയ്യേണ്ട ഉത്തരവാദിത്വത്തിൽനിന്ന് സെക്രട്ടറിയെ വിമുക്തനാക്കുന്നില്ലയെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽപ്പറഞ്ഞ നടപടികളിൽ എല്ലാംതന്നെ പ്രസ്തുത അധികാരത്തിന്റെ ദുർവിനിയോഗമാണ് നടന്നിട്ടുള്ളത്.

കെ.പി.ബി.ആർ ചട്ടം 23 പ്രകാരം ചട്ടങ്ങളും റഗുലേഷനുകളും ഉല്ലംഘിച്ചുകൊണ്ടുള്ള ഏതൊരംഗീകരിക്കലുകൾക്കും അനുപ്രകാരമുള്ള നിർമ്മാണങ്ങൾക്കും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഉത്തരവാദിയായിരിക്കും.

കെട്ടിടനിർമ്മാണം, ഭൂവികസനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്കുള്ള അജ്ഞതമൂലം പെർമിറ്റ് ലഭിക്കുന്നതിൽ കാലതാമസം നേരിടുന്നതായും ഇതുമൂലം പരാതികളും കോടതി കേസുകളും ഉണ്ടാകുന്നതായി കാണുന്നു. കെട്ടിടനിർമ്മാണത്തിനായി സ്ഥലം വാങ്ങുമ്പോഴും വീടുകൾ, ഫ്ളാറ്റുകൾ, കടമുറികൾ,മറ്റ് കെട്ടിടങ്ങൾ എന്നിവ വാങ്ങുമ്പോഴും പൊതുജനങ്ങൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ സംബന്ധിച്ച് സർക്കുലർനംമ്പ്ര 64804/ആർ എ1/2013/ത.സ്വ.ഭ.വ തീ.27.11.2013 പ്രകാരം നിർദ്ദേശങ്ങൾ നല്കിയിട്ടുണ്ട്. ഇതിന് പഞ്ചായത്ത് തലത്തിൽ വ്യപക പ്രചാരം നല്കി ജനങ്ങളെ ബോധവത്ക്കരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ ഓഡിറ്റ് ശുപാർശചെയ്യുന്നു.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ പ്രകാരം രജസ്റ്റർ ചെയ്ത ലൈസൻസികൾ മുഖേന തയ്യാറാക്കുന്ന പ്ളാനുകൾ പ്ലോട്ട് ഡിവിഷനിൽ ഉൾപ്പെട്ടവയാണെങ്കിൽ ആയത് കൃത്യമായി രേഖപ്പെടുത്തേണ്ടതും ,പ്ലാനുകളും,ഡ്രായിങ്ങുകളും ആക്ടിലെയും ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചുകൊണ്ട് തയ്യാറാക്കേണ്ടതും അല്ലാത്തപക്ഷം കെ.പി.ബി.ആർ ചട്ടം 144 പ്രകാരമുള്ള നടപടികൾ സ്വീകരക്കേണ്ടതുമാണ്.

# 2-2 ഡി ആന്റ് ഒ ലൈസൻസ് അപാകതകൾ

2015-2016സാമ്പത്തിക വർഷത്തിൽ ഡി ആന്റ് ഒ ലൈസൻസ് രജിസ്റ്ററുകൾ/ അപേക്ഷകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

സ്ഥാപന ഉടമകൾ സമർപ്പിച്ച ഡി ആന്റ് ഒ അപേക്ഷകൾ പൂർണ്ണമായും വിവരങ്ങൾ ഉൾക്കൊള്ളുന്നില്ല. ഒരു ദിവസത്തെ വിറ്റുവരവ്, സ്ഥാപനത്തിൽ സ്ഥിതിചെയുന്ന യന്ത്രഉപകരണത്തിന്റെ കുതിരശക്തി എന്നിവയുടെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് എത്രയാണെന്ന് തീരുമാനിക്കുന്നത്. ടി വിവരങ്ങൾ ഇല്ലാത്ത അപേക്ഷകൾ സ്വീകരിക്കുന്നതിനാൽ അടവാക്കിയ ഡി ആന്റ് ഒ ലൈസൻസിന്റെ കൃത്യത ഉറപ്പ് വരുത്തുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. അപൂർണ്ണവും, ശരിയായി ഫീസ് ഈടാക്കാത്തതുമായ സ്ഥാപനങ്ങൾക്ക് ഏതാനും ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പേര് വിവരം | സ്ഥാപനത്തിന്റെ പേര് | ഒരു ദിവസത്തെ വിറ്റുവരവ് | അടവാക്കിയ തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | സന്ദീപ്.എം മൈലാത്ത് (H) കണ്ണാപുരം, ചേറ്റുപുഴ | ടൈൽസ്& സാനിറ്ററി ഐറ്റംസ് വില്പന | --- | 500 | അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| 2 | രമ രഘുനന്ദൻ | അക്ഷയപെട്രോൾ പമ്പ് പെട്രോൾ,ഡീസൽ,ഗ്രീസ് വില്പന | --- | 550 | അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല, |
| 3 | എം കെ കുഞ്ഞുമോൻ മുട്ടത്ത് (H) അക്കിക്കാവ് | സോഡനിർമ്മാണം നടത്തുന്നതിന് | ---- | 100 | അപേക്ഷയിൽ ഒരു ദിവസത്തെ വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല, |
| 4 | കൊച്ചു സാറ പനയ്ക്കൽ (H) | നെല്ല് മുളക് ,ധാന്യങ്ങൾ പൊടിക്കുന്നതിന് (10 HP മോട്ടോർ ) | ---- | 120 | വാങ്ങിയ ഫീ 120 രൂപ / വാങ്ങേണ്ട ഫീ 200/- |
| 5 | എഡിസണ് മണ്ടുമ്പാൽ (H) പാറേമ്പാടം | ഓയിൽ & ഫ്ലോർമിൽ 10 1/2 (HP)മോട്ടർ ഉപയോഗിച്ച് | 100 | 100 | വാങ്ങിയ ഫീ 100രൂപ / വാങ്ങേണ്ട ഫീ 200/- |

ഡി ആന്റ് ഒ അപേക്ഷകൾ പൂർണ്ണമായും വിവരങ്ങൾ ഉൾക്കൊള്ളുന്ന രീതിയിൽ ശേഖരിക്കുന്നതിനും, രജിസ്റ്റർ പരിശോധിച്ച് ചട്ടലംഘനം നടത്തിയ മുഴുവൻ കച്ചവടക്കാരിൽ നിന്നും ഫീ ഈടാക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നം-4/18/10/2016). ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ 19/10/16 ൽ കുറവായി പറഞ്ഞ 180/-രൂപ അടവാക്കി രസീതി ഓഡിറ്റിന് ഹാജരാക്കി. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ്,തൊഴിൽ നികുതി ഈടാക്കുന്നതിലെ അപാകത

2015-16 വർഷത്തിൽ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് കെട്ടിട നമ്പർ നല്കി വസ്തു നികുതി ഈടാക്കിയിട്ടുള്ളതാണ്. ഇതിൽ 8പേർ ഡി&ഒ ലൈസൻസ് എടുത്തിട്ടുണ്ട്. തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നല്കിയെങ്കിലും റിട്ടേൺസമർപ്പിച്ചിട്ടില്ല. ഇവർക്കെതിരെ നിയമം അനുശാസിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടില്ല. ക്രമനമ്പർ 9മുതൽ 13 വരെയുള്ള കെട്ടിടങ്ങളിൽ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടോയെന്നത് സംബന്ധിച്ച് പഞ്ചായത്തിന് അറിവില്ല. ആയതിനാൽ ടി സ്ഥാപനങ്ങൾ ഡി&ഒ ലൈസൻസ് എടുക്കാതെയും, തൊഴിൽ നികുതി

അടവാക്കാൻ (ബാധ്യസ്ഥരാണെങ്കിൽ) ആയത് അടവാക്കാതെയും പ്രവർത്തിക്കുന്നുണ്ടെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾസ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നിയമ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

| ക്രമ നമ്പർ | പേര് | കെട്ടിടനമ്പർ | ആവശ്യം | ലൈസൻസ് നമ്പർ |
|---|---|---|---|---|
| 1 | ദിലീപ്കുമാർ. കെ. എ., കണ്ടംപുള്ളി വീട്,പാറേമ്പാടം | 5/248-എ | നിത്യോപയോഗ സാധനങ്ങളുടെവില്പനക്ക് | 154/2015-16 |
| 2 | മിഥുൻ കല്ലായിൽ & പ്രവീൺകുമാര്, അക്കിക്കാവ് | 7/42-D | ഓട്ടോമാറ്റിക് ബൈക്ക് വാഷ് | 180/2015-16 |
| 3 | ഗംഗാധരൻ.വി.എ.,വെളിയത്ത് വീട്,പോർക്കുളം | 11/195-B | പപ്പട നിർമ്മാണം | 177/2015-16 |
| 4 | മിഥുൻ കല്ലായിൽ & പ്രവീൺകുമാര്, അക്കിക്കാവ് | 7/42-C | കാർ & ബൈക്ക് ആക്സസറീസ് - ഫിറ്റിങ്ങും വിൽപനയും | 164/2015-16 |
| 5 | കെ.കെ. സുരേഷ്, കുന്നത്ത് വീട്,അക്കിക്കാവ് | 5/355-C | സാനിറ്ററീസ് & ടൈൽസ് വിൽപനക്ക് | 165/2015-16 |
| 6 | അബ്ദുൾഅസീസ് & മെഹറുന്നീസ, ചെമ്പ്രയൂർ പുത്തൻപീടികയിൽ വീട്,പോർക്കുളം | 4/86-B | സിമൻറ് കട്ടകളും പേവിങ്ങ് ടൈൽസും നിർമ്മിച്ച് വിൽക്കുന്നതിന് | 161/2015-16 |
| 7 | ജിത.ടി.എസ്.,ചാലക്കൽവീട്, കടങ്ങോട് | 11/177-A | ഫർണിച്ചർ-സ്റ്റോക്ക് & സെയിൽ | 145/2015-16 |
| 8 | വിനോദ്. കെ.എ.,കിണ്ണത്തയിൽ വീട്,അകതിയൂർ | 10/325-A | മൈദ, ആട്ട, റവ-സ്റ്റോക്ക് ചെയ്യുന്നതിന് | 145/2015-16 |
| 9 | ഭാസ്കരൻ,പൂളയ്ക്കൽ വീട്,പോർക്കുളം | 5/2-B | - | - |
| 10 | ഭാസ്കരൻ,പൂളയ്ക്കൽ വീട്,പോർക്കുളം | 5/2-C | - | - |
| 11 | ഭാസ്കരൻ,പൂളയ്ക്കൽ വീട്,പോർക്കുളം | 5/2-D | - | - |
| 12 | അശോകൻ& പ്രീതി,വലിയവളപ്പിൽ വീട്, അക്കിക്കാവ് | 7/42-E | - | - |
| 13 | അശോകൻ& പ്രീതി,വലിയവളപ്പിൽ വീട്, അക്കിക്കാവ് | 7/42-F | - | - |

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾ -മെഡിക്കൽ ഓഫീസർക്കു നൽകിയ തുകയുടെ വിനിയോഗ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

മഴക്കാല പൂർവ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വ മിഷനിൽ നിന്നും ലഭിച്ച 233682രൂപ തനതുഫണ്ടിൽ നിന്നും മെഡിക്കൽഓഫിസർ (PHC) ക്ക് കൈമാറിയിട്ടുണ്ട് (വൗച്ചർ നമ്പർ -21500313/1-10-2015). എന്നാൽ തുക വിനിയോഗിച്ചതു സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയിട്ടില്ല. 233682 രൂപ തടസ്സപ്പെടുത്തുന്നു.

## 3-2 സെക്രട്ടറി നിർവഹണം നടത്തിയ പദ്ധതികൾ -അപാകതക

1. എസ് .സി.പൈപ്പ് കണക്ഷൻ

പദ്ധതി -SO 119/16

ട്രഷറി ബിൽ നം -47/30-3-16

ഫണ്ട് -വികസന ഫണ്ട്(scp)

അടങ്കൽ -150000

ചെലവ് -150000

25 sc ഗുണഭോക്താക്കൾക്ക് 6000 രൂപ വീതം പൈപ്പ് കണക്ഷന് നൽകുന്ന പദ്ധതിയിൽ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് മാറ്റി നൽകിയിട്ടുണ്ട്.പദ്ധതിയിൽ ഉൾപ്പെട്ടഗുണഭോക്താക്കളുടെ അപേക്ഷകൾ, കണക്ഷൻ നൽകിയതിന് വാട്ടർ അതോറിറ്റിയിൽ നിന്നുള്ള സർട്ടിഫിക്കറ്റുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. 150000/-രൂപ തടസ്സപ്പെടുത്തുന്നു.

## 3-3 ഹോമിയോ മരുന്നുകൾ ലഭ്യമായിട്ടില്ല

പ്രൊജക്ട് നം-30/16 (ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾവാങ്ങൽ )

നിർവഹണ ഉദ്യോഗസ്ഥൻ -സെക്രട്ടറി

ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)

അടങ്കൽ -100000

ചെലവ് -100000

ട്രഷറി ബിൽ നം-14/31-12-15

DD NO.463779/7-1-2016

മേൽ തുക കേരള സ്റ്റേറ്റ് ഹോമിയൊപ്പതിക് കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് കൈമാറിയിട്ടുണ്ട്. മരുന്ന ലഭിച്ചതിന്റേയും വിതരണം ചെയ്തതിന്റേയും രേഖകൾ ലഭ്യമാക്കിയിട്ടില്ല. മരുന്നുകൾ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തുക നൽകിയിട്ടും മരുന്നുകൾ ലഭ്യമായില്ല

1)നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ (P.H.C)

പദ്ധതി നമ്പർ -s0017/16

ബിൽ നമ്പർ -20/15-16 ,തിയതി-23/3/16,തുക-100000

പദ്ധതി പേര് -ആരോഗ്യസ്ഥാപനങ്ങളിലേക്ക് മരുന്ന് വാങ്ങൽ

ആകെ അടങ്കൽ -100000/-

ഡി ഡി നമ്പർ/തിയതി -466862/ 29/3/16

കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ 466862/29-3-16 നമ്പർ ഡി.ഡി പ്രകാരം 100000/-രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ 44566 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയിരിക്കുന്നത്. 55434 രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

2)നിർവ്വഹണ ഉദ്യോഗസ്ഥൻ -മെഡിക്കൽ ഓഫീസർ (P.H.C)

പദ്ധതി നമ്പർ -s0049/16

ബിൽ നമ്പർ -17/15-16 ,തിയതി-23/3/16,തുക86600/-

പദ്ധതി പേര് -പെയിൻ ആന്റ് പാലിയേറ്റീവ് (മരുന്ന് വാങ്ങൽ)

ആകെ അടങ്കൽ -4500000/-

ഡി ഡി നമ്പർ/തിയതി -466552/ 28/3/16

കേരള സ്റ്റേറ്റ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നുള്ള പ്രൊഫോർമ ഇൻവോയ്സുകളുടെ അടിസ്ഥാനത്തിൽ 466552/28-3-16 നമ്പർ ഡി.ഡി പ്രകാരം 86600/-രൂപ സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. എന്നാൽ 46262രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെ ലഭ്യമാക്കിയിരിക്കുന്നത്. 40338രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി

നം-3/18/10/2016).

## 3-5 ആശ്രയ-22,89,000/-രൂപ ചെലവഴിക്കാതെ ശേഷിക്കുന്നു

2015-16 വർഷത്തിൽ ഗുണഭേക്താക്കൾക്ക് ഭവനനിർമ്മാണം, സ്ഥലം വാങ്ങൽ എന്നീ പ്രോജക്ടുകൾ വിഭാവനം ചെയ്തിരുന്നുവെങ്കിലും തുകയൊന്നും ചെലവഴിച്ചിട്ടില്ല. ആശ്രയ പദ്ധതിയുടെ അക്കൗണ്ട് നമ്പർ 32487823499 (SBI Kunnamkulam) പ്രകാരം ഒന്നാംഘട്ടത്തിൽ ചെലവഴിക്കാതെ ശേഷിക്കുന്നത് 1774000രൂപയും രണ്ടാം ഘട്ടത്തിൽ 515000/-രൂപയുമാണ്. ആശ്രയ ആരംഭിച്ച 2008 മുതൽ വകയിരുത്തിയ തുകയാണിത്. രണ്ട് ഘട്ടങ്ങളിലായി 118 ഗുണഭോക്താക്കളെ കണ്ടെത്തിയിട്ടുണ്ട്. ഇവരുടെ വിവിധ ആവശ്യങ്ങളുടെ പട്ടിക ഇതോടൊപ്പം നല്കിയിട്ടുണ്ട്. വീട് റിപ്പയർ എന്നപദ്ധതി മാത്രമാണ് കാര്യക്ഷമമായി നടന്നിട്ടുള്ളത്. ഭവനനിർമ്മാണം, സ്ഥലം വാങ്ങൽ, കുടിവെള്ളം, കറന്റ് എന്നീ ആവശ്യങ്ങൾ നിറവേറ്റിയിട്ടില്ല. ഇവരിൽ പലർക്കും സ്വന്തമായി കാര്യങ്ങൾ നടത്താൻ പ്രാപ്തിയില്ലാത്തവരും, മറ്റുള്ളവരെ ആശ്രയിച്ച് ജീവിക്കുന്നവരുമാണ് എന്നാണ് അന്വേഷണത്തിൽ നിന്നും മനസ്സിലായിട്ടുള്ളത്. (G.O(MS) 362/13 LSGD.

തീയതി 16-11-13അനുബന്ധം 14ൽ ടി പദ്ധതിയുടെ നടത്തിപ്പ് സംബ്ബന്ധിച്ച് വ്യക്തമായ നിർദേശങ്ങൾ നൽകിയിട്ടുണ്ട്. അനുബന്ധം 14, ഖണ്ഡിക (6), 6-8ൽ സ്ഥലം കണ്ടെത്തലും, വീട് വയ്ക്കലും CDS/അയൽക്കൂട്ടങ്ങൾ വഴി നടപ്പിലാക്കുവാൻ നിർദേശിച്ചിട്ടുണ്ട്. ഇതിനുള്ള നടപടികൾ സ്വീകരിച്ചു കാണുന്നില്ല. ഈ വിഷയത്തിൽ പഞ്ചായത്തു കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഒപ്പം സത്വര നടപടികൾസ്വീകരിക്കുവാൻ ശുപാർശ ചെയ്യുന്നു.

| ഇനം | Ist പ്രോജക്ട് | 2nd പ്രോജക്ട് |
|---|---|---|
| പ്രോജക്ട് പ്രകാരം ആകെ ഗുണഭോക്താക്കൾ | 58 | 60 |
| പ്രോജക്ടു പ്രകാരം വീടുവയ്ക്കാൻ സ്ഥലം ആവശ്യമുള്ളവർ | 7 | 2 |
| നാളിതുവരെ ലഭിച്ചവർ | Nil | Nil |
| പ്രോജക്ടു പ്രകാരം വീട് ആവശ്യമുള്ളവർ | 10 | 9 |
| നാളിതുവരെ ലഭിച്ചവർ | -- | Nil |
| വീട് റിപ്പയർ ആവശ്യമുള്ളവർ | 37 | 20 |
| നാളിതുവരെ ലഭിച്ചവർ | 32 | 20 |
| കക്കൂസ് ആവശ്യമുള്ളവർ | Nil | Nil |
| നാളിതുവരെ ലഭിച്ചവർ | Nil | Nil |
| കുടിവെള്ളം ആവശ്യമുള്ളവർ | 27 | 8 |

| | | |
|---|---|---|
| നാളിതു വരെ ലഭിച്ചവർ | Nil | Nil |
| കറന്റ് ആവശ്യമുള്ളവർ | 2 | 3 |
| നാളിതുവരെ ലഭിച്ചവർ | Nil | Nil |

# 3-6 മരാമത്ത് പ്രവൃത്തികൾ -- രേഖകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

1. സർക്കാർ ഉത്തരവ് ജി.ഒ (പി) 177/2006 ധനം തീയതി 12-04-16ഖണ്ഡിക 18 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർT R 7 A ക്യാഷ് ബുക്ക് ആണ് ഉപയോഗിക്കേണ്ടത്. എന്നാൽ അസി, എഞ്ചിനീയർ ഹാജരാക്കിയ ക്യാഷ് ബുക്ക് പ്രസ്തുത ഫോർമാറ്റിൽ ഉള്ളതല്ല.

2. എഗ്രിമെന്റ് രജിസ്റ്ററിൽ 2015-16 വർഷത്തെ പല പ്രവൃത്തികളുടേയും പൂർത്തീകരണ തീയതി രേഖപ്പെടുത്തിയിട്ടില്ല. 2015-16ൽ നടപ്പിലാക്കിയ പ്രവൃത്തികളുടെ പി.എ.സി, സുരക്ഷിത നിക്ഷേപ തുക എന്നിവ അഗ്രിമെന്റ് രജിസ്റ്ററിൽ എഴുതിയിട്ടില്ല

3. സൈറ്റ് ഹാന്റ് ഓവർ ചെയ്തുകൊണ്ടുള്ള രേഖയിൽ പ്രവൃത്തിയുടെപേര്, അടങ്കൽ തുക, കരാറുകാരന്റെ പേര്, കരാർ തീയതി തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല. ഉദാ:- പ്രോജക്ട് നമ്പർ 75/16 : മങ്ങാട് കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം.

4 സൈറ്റ് ഹാന്റ് ഓവർ ചെയ്തു കൊണ്ടുള്ള രേഖയിൽ കരാറുകാരൻ ഒപ്പുവെച്ചിട്ടില്ല, ഉദാ:- പ്രോജക്ട് നമ്പർ 71/16 പി,എച്ച്.സി. കെട്ടിടം മെയിന്റനൻസ്.

5. ടെണ്ടർ ഫോം വിൽപ്പന രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പൂർണമല്ല. ഉദാ:- നെച്ചിപ്പാടം റോഡ് റീടാറിംഗ്, കമ്പിപ്പാലം - അകതിയൂർ റോഡ് റീടാറിംഗ് എന്നീ പ്രവൃത്തികളുടെ അടങ്കൽ തുക രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല,

6. ഇ.എം.ഡി രജിസ്റ്ററിൽ തുക എഴുതിയിട്ടില്ല.

ഉദാ:- കമ്പിപ്പാലം -അകതിയൂർ റോഡ് റീടാറിംഗ്, നെച്ചിപ്പാടം റോഡ് റീ ടാറിംഗ്.

7. 2015-16 ലെ മരാമത്ത് പ്രവൃത്തികളുടെ മോണിറ്ററിംഗ് സർട്ടിഫിക്കറ്റുകളിൽ നംമ്പർ, തീയതി എന്നിവയും, കർമ്മ സമിതിയിലെ അംഗങ്ങളെ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതിന്റെ തീരുമാന നമ്പർ, തീയതി എന്നിവയും രേഖപ്പെടുത്തിയിട്ടില്ല.

8. കോൺട്രാക്ട് സർട്ടിഫിക്കറ്റിൽ പ്രവൃത്തി പൂർത്തീകരിച്ച തീയതി രേഖപ്പെടുത്തുന്നില്ല. ഫയലുകളും രജിസ്റ്ററുകളും എഴുതി സൂക്ഷിയ്ക്കുമ്പോൾ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

# 3-7 അഡ്വാൻസ് ക്രമീകരിക്കാതെ സൂക്ഷിക്കുന്നു

വാർഷിക കണക്ക് പ്രകാരം 4185916/- രൂപ നാളിതുവരെ ക്രമീകരിക്കാതെ സൂക്ഷിക്കുന്നുണ്ട്. വാട്ടർ അതോറിറ്റി, കെ.എസ് .ഇ.ബി എന്നീ സ്ഥാപനങ്ങൾക്ക് 2011-12 മുതൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് നല്കിയ തുകയാണ് ക്രമീകരിക്കാതെ ശേഷിക്കുന്നത്. പദ്ധതികൾ പൂർത്തിയാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതും അല്ലാത്തപക്ഷം നല്കിയ തുക തിരികെ ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിലേക്ക് അടവാക്കേണ്ടതാണ്.അഡ്വാൻസ് നൽകിയ തുകയുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ വർഷം തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.

## 3-8 ഭവന പുനരുദ്ധാരണം - മുൻകൂർ കൈപ്പറ്റി -പണിപൂർത്തിയാക്കിയില്ല

പ്രോജക്ട് – ഭവന പുനരുദ്ധാരണം (എസ്.സി.)

പ്രോജക്ട് നമ്പർ - 60/15-16

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നമ്പർ - 10/15-16 തീ. 10/02/16

തുക - 250000/-

മേൽ പ്രോജക്ട് പ്രകാരം 25000/- രൂപയാണ് ഓരോ ഗുണഭോക്താവിനും വകയിരുത്തിട്ടുള്ളത്.താഴെപ്പറയുന്ന ഗുണഭോക്താക്കൾ സെക്രട്ടറിയുമായി കരാറിൽ ഏർപ്പെടുകയും അഡ്വാൻസ് തുകയായി 10000/- രൂപ കൈപ്പറ്റുകയും ചെയ്തു .എന്നാൽ നാളിതുവരെ (ഓഡിറ്റ് കാലയളവായ 13/10/2016-20/10/16) വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കി അവസാന ഗഡു കൈപ്പറ്റിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര്,വിലാസം | നല്കിയ തുക | ബാങ്ക് | അക്കൗണ്ട് നംമ്പ്ര |
|---|---|---|---|---|
| 1 | ലീല,കുരിയത്ത്,പേർക്കുളം | 10000 | ഗ്രാമീൺ ബാങ്ക്,കുന്നംകുളം | 40271100900372 |
| 2 | സീത,കരുവാൻതടം,അക്കിക്കാവ് | 10000 | എസ്.ബി.ഐ കുന്നംകുളം | 20306797419 |
| 3 | പ്രബിൻ,കളത്തിൽ ,പേർക്കുളം | 10000 | സിൻഡിക്കേറ്റ് ബാങ്ക്,കുന്നംകുളം | 45542200011309 |
| 4 | കമല്യ ചങ്ങൻ,മുത്താട്ടിൽ,പേർക്കുളം | 10000 | സിൻഡിക്കേറ്റ് ബാങ്ക്,കുന്നംകുളം | 45542250003200 |
| 5 | അനിയൻ ,മനക്കലമാരിൽ | 10000 | എസ്.ബി.ഐ കുന്നംകുളം | 33248685045 |

| | | | | |
|---|---|---|---|---|
| 6 | കുഞ്ഞുമോൻ,ഈച്ചരത്ത് പണിയിൽ | 10000 | എസ്.ബി.ഐ കുന്നംകുളം | 31795936929 |
| 7 | ലീല കൊച്ചുകുട്ടൻ,കോഴിത്തറമേൽ | 10000 | കനറാബാങ്ക്,കുന്നംകുളം | 0854108046745 |
| | ആകെ | 70000 | | |

നാളിതുവരെ വീട് അറ്റകുറ്റപ്പണി പൂർത്തിയാക്കാത്തവർ ആയത് പൂർത്തീകരിക്കുന്നതിനോ അല്ലാത്തപക്ഷം നല്കിയ തുക തിരികെ ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് മറുപടി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ആയതുവരെ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 സ്വകാര്യ കമ്പനി നിർമ്മിച്ച പ്ളാസ്റ്റിക്ക് കസേര സിഡ്കോയിൽ നിന്നും ക്വട്ടേഷൻ നടപടികൾ കൂടാതെവാങ്ങി

പ്രോജക്ട് - എസ്.സി കമ്മ്യൂണിറ്റി ഹാളിലേക്ക് മേശ കസേര വാങ്ങൽ

പ്രോജക്ട് നമ്പർ - 152/15-16

നിർവ്വഹണം - അസിസ്റ്റന്റ് സെക്രട്ടറി

ബിൽ നമ്പർ - 15/15-16 തീ. 26/03/16

തുക - 300000/-

ഇൻവോയിസ് നമ്പർ 1) SMC/OLR/15-16/0517 തീ.14/3/16 ,90360/-(Plastic moulded armless chair -Nilkamal 146Nos). സിഡ്കോയിൽ നിന്ന് 146 പ്ലാസ്റ്റിക്ക് കസേരകൾ (നീൽകമൽ) ക്വട്ടേഷൻ/ടെണ്ടർ നടപടികൾ കൂടാതെ വാങ്ങിയിട്ടുണ്ട് .ജി ഒ (ആർ.റ്റി)നം.472/2000/ഐ.ഡി തീ.19/4/2000 പ്രകാരം "Government to appoint SIDCO as sole chanalising agent for procurement and supply of 28 more selected items manufactured by SSI units to government department to public sector undertakings"എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് . ചെറുകിടനിർമ്മാണ യൂണിറ്റുകൾ നിർമ്മിക്കുന്ന സാധനങ്ങൾ സിഡ്കോസംഭരിച്ച് വിതരണം ചെയ്യുന്നതിനാണ് മേൽ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. നീൽകമൽ എന്നത് ഒരു സ്വകാര്യ കമ്പനിയാണ്. സിഡ്കോനിർമ്മിക്കുന്ന ഉത്പന്നങ്ങൾ ടെണ്ടർ നടപടികൾ കൂടാതെ വാങ്ങുന്നതിന്പകരം സ്വകാര്യ സ്ഥാപനത്തിൽനിന്ന് വാങ്ങിയതിലൂടെ മാർക്കറ്റിൽനിന്ന് ഇതിലും വിലക്കുറവിൽ ലഭിക്കുന്നതിനുള്ള സാധ്യത ഇല്ലാതാവുകയും,ചെറുകിടവ്യവസായയൂണിറ്റുകളെ സംരക്ഷിക്കുകയെന്ന സർക്കാർ ലക്ഷ്യത്തിന് വിരുദ്ധമായനടപടിയാണ്.സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്,നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 100000 | പെയിൻ &പാലിയേറ്റീവ് | 100000 | - |

## 4-2 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ചെക്ക് നമ്പർ | തുക | ചെലവഴിച്ച തുക | പൂർത്തീകരിച്ച വിവരം | ബാക്കി |
|---|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് ലൈൻ നീട്ടൽ | vr.no 21501070 | 240240 | 240240 | പൂർത്തീകരിച്ച | 0 |
| GWD | കുഴൽ കിണർ നിർമ്മാണം | vr.no 21501036 | 138400 | 138400 | പൂർത്തീകരിച്ചിട്ടില്ല | 138400 |
| PWD ഇലക്ട്രിക്കൽ | അഗ്രോ കിണർ വൈദ്യുതീകരണം | vr.no 21500902 | 7950 | 7950 | പൂർത്തീകരിച്ചിട്ടില്ല | 7950 |
| PWD ഇലക്ട്രിക്കൽ | മൃഗാശുപത്രി വൈദ്യുതീകരണം | vr.no 21500904 | 8500 | 8500 | പൂർത്തീകരിച്ചിട്ടില്ല | 8500 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

ഇല്ല

## 4-4 വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം.

ഇല്ല

(ii) വായ്പ തിരിച്ചടവിന്റെ വിവരം.

ഇല്ല

# 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

# 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല .

# 4-7 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 26353426 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 36309561 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 453682 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 3-1 | 233682 | മാനസ വി.എസ്. സെക്രട്ടറി |
| 3-2 | 150000 | ഇ.അശോക് കുമാർ |
| 3-8 | 70000 | പി. എസ് .ശശിധരൻ,അസി.സെക്രട്ടറി |
| ആകെ | 453682 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| - | - | - |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1983-84 ,84-85 | | ഓഡിറ്റ് റിപ്പോർട്ട് ലഭ്യമല്ല |
| 88-89,<br>89-90 | | ഖണ്ഡികകൾ 39,17,20 നിലനിൽക്കുന്നു |
| 90-91 | | 7(ജി),7(എച്ച്), (ഐ),(ജെ),15,16 നിലനിൽക്കുന്നു |

| | | |
|---|---|---|
| 92-93<br>93-94 | | ഖണ്ഡികകൾ 9(ഡി),(ഇ),1(ഐ),(ജെ) നിലനിൽക്കുന്നു |
| 94-95 | | ഖണ്ഡികകൾ 9(ഇ),എഫ്,(ജി),(എച്ച്) നിലനിൽക്കുന്നു |
| 96-97 | എൽ.എഫ്.ടി.10-1404/01/02-02-02 | |
| 98-99 | എൽ.എഫ്.ടി.10-65/05/30-09-05 | |
| 99-00 | എൽ.എഫ്.ടി.10-66/05/30-09-05/21-11-05 | |
| 99-00 മുതൽ 2001-02 വരെ ജനകീയാസൂത്രണം | എൽ.എഫ്.ടി.10-1080/03/08-12-2003/25-03-04 | |
| 2000-01 | എൽ.എഫ്.ടി.10-151/06/19-06-06 | |
| 01-02 | എൽ.എഫ്.ടി.10-150/06/29-08-06/31-10-06 | |
| 02-03 | എൽ.എഫ്.ടി.10-152/07/08-10-07 | |
| 03-04 | എൽ.എഫ്.ടി.10-121/07-11-07/08-01-08 | |
| 04-05 | എൽ.എഫ്.ടി.10-1956/08/23-06-10 | |
| 05-06 | എൽ.എഫ്.ടി.10-1957/08/23-06-10/17-08-10 | |
| 06-07 | എൽ.എഫ്.ടി.10-568/10/17-05-11/11-10-11 | |
| 07-08 മുതൽ<br>10-11 വരെ | എൽ.എഫ്.ടി(പി2)-1619/12/18-03-13/ 02-08-13 | |
| 11-12 | എൽ.എഫ്.ടി.പി.6-913/13 തി.22-11-13/01.01.14 | |
| 12-13 | എൽ.എഫ്.ടി.പി9-1442/14 തി.05-01-15/07-03-15 | |
| 13-14 | കെ.എസ്.എ.ടി.എസ്.ആർ (പി9 )1209/15/ | |

| | | |
|---|---|---|
| | 20.10.15/04.11.15 | |
| 14-15 | കെ.എസ്.എ.ടി.എസ്.ആർ (പി9 )<br><br>999/16 തി-24.06.2016 | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി.9 )1866/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

PIN 680 020

തിയ്യതി. 01.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് , 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക സ്റ്റേറ്റുമെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പോർക്കുളം ഗ്രാമപഞ്ചായത്തിന്റെ 2015-16 വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

## AUDIT CERTIFICATE

No.KSA-TSR(P9)1866/16

Office of the Joint Director of

Kerala State Audit Department,

District Audit Office, Thrissur

PIN 680 020
Dated: 01.11.2016

Ph.No. 0487-2331249

e-mail : dotsr.ksad@kerala.gov.in

Certified that I have audited the Annual Financial Statement of Porkkulam Grama panchayath in Thrissur District for the year ended on 31.03.2016 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the Rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Porkkulam Grama Panchcyath for the year 2015-16, except the observations in my Audit Report properly presents the picture of income and expenditure.

Deputy Director

District Audit Office,
Thrissur